©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2021-2023)

## നാലാമത് റിപ്പോർട്ട്

(2022 ജൂലൈ 12-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[2020 ജനവരി 1 മുതൽ 2021 ഡിസംബർ 31 വരെ പരിഗണിച്ച ഹർജികൾ സംബന്ധിച്ച്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

പതിനഞ്ചാം കേരള നിയമസഭ

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി
# (2021-2023)

**നാലാമത് റിപ്പോർട്ട്**

(2022 ജൂലൈ 12-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[2020 ജനുവരി 1 മുതൽ 2021 ഡിസംബർ 31 വരെ പരിഗണിച്ച ഹർജികൾ സംബന്ധിച്ച്]

920/2022.

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | | .. | v |
| ആമുഖം | | .. | vii |
| റിപ്പോർട്ട് | | .. | 1 |
| അനുബന്ധം | | | |
| I. | സമിതിയുടെ ഇടപെടൽ മൂലം പരിഹരിക്കപ്പെട്ട ഹർജികൾ സംബന്ധിച്ച വിശദാംശം | .. | 11 |
| II. | ഗവൺമെന്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഹർജികൾ സംബന്ധിച്ച പട്ടിക | .. | 17 |
| III. | സമിതിയുടെ പരിഗണനയിലുള്ള ഹർജികളിന്മേൽ ഗവൺമെന്റിൽ നിന്നും റിപ്പോർട്ട് ലഭിക്കാത്ത ഫയലുകളുടെ പട്ടിക | .. | 22 |

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി
# (2021-2023)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. എ. സി. മൊയ്തീൻ, എം.എൽ.എ.

<u>അംഗങ്ങൾ</u> :

ശ്രീ. എ. കെ. എം. അഷ്റഫ്, എം.എൽ.എ.

ഡോ. കെ. ടി. ജലീൽ, എം.എൽ.എ.

ശ്രീ. മാണി സി. കാപ്പൻ, എം.എൽ.എ.

ഡോ. മാത്യു കുഴൽനാടൻ, എം. എൽ. എ.

ശ്രീ. പ്രമോദ് നാരായൺ, എം.എൽ.എ.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ, എം.എൽ.എ.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീമതി കവിത ഉണ്ണിത്താൻ, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി ബിന്ദു എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷീജ പി. കെ., അണ്ടർ സെക്രട്ടറി.

# ആമുഖം

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2020 ജനുവരി 1 മുതൽ 2021 ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച ഹർജികളും അവ സംബന്ധിച്ച് സർക്കാരിൽ നിന്ന് ലഭിച്ച റിപ്പോർട്ടുകളും അതിന്മേലുള്ള സമിതിയുടെ അഭിപ്രായങ്ങളും നിഗമനങ്ങളും ശിപാർശകളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്. മേൽ കാലയളവിൽ സമിതി, പ്രവാസി മലയാളികളെ സംബന്ധിക്കുന്ന 4 റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടുണ്ട്. സർക്കാരിൽ നിന്ന് അനുകൂല മറുപടി ലഭിച്ച ഹർജികൾ, സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഹർജികൾ, സർക്കാരിൽ നിന്ന് മറുപടി ലഭിക്കേണ്ട ഹർജികൾ എന്നിവ സംബന്ധിച്ച വിവരം റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു.

2022 ജൂലൈ 4-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എ. സി. മൊയ്തീൻ,
*അദ്ധ്യക്ഷൻ,*
*പ്രവാസി മലയാളികളുടെ*
*ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2022 ജൂലൈ 4.

## റിപ്പോർട്ട്

കേരളീയ സംസ്കൃതിയുടെ നവനിർമ്മിതിയിൽ പ്രവാസം കൊത്തിവച്ചത് കാല്പനികതയുടെ കൊളാഷ് മാത്രമല്ല, അന്നം തേടിയുള്ള മലയാളികളുടെ അനന്ത സഞ്ചാരത്തിനിടെ അവർക്ക് ജീവിതം നൽകാൻ ഭൂമിയിൽ നിന്ന് ഉയർന്ന് വന്ന അപാര സമൃദ്ധിയുടെ ഇതൾ വിടർത്തിയ ഇതിഹാസ പെരുമ കൂടിയാണ്. കേരളത്തിലെ ലക്ഷക്കണക്കിന് വീടുകളിലെ അടുപ്പിൽ തീ പുകയുന്നതിനുവേണ്ടി മലയാളി അറേബ്യൻ മണ്ണിൽ ചുരത്തിയ വിയർപ്പ് നാട്ടുചരിത്രത്തിന്റെ ചത്വരങ്ങളിൽ ഉപ്പ് രസം ചൊരിഞ്ഞിരിക്കുന്നു. എല്ല് മുറിയെ പണിയെടുക്കുമ്പോഴും ലേബർ ക്യാമ്പുകളിൽ വീണടയുന്ന കണ്ണുനീർത്തുള്ളികളിൽ പ്രതിഫലിക്കുന്നത് പ്രത്യാശയുടെ മിനുക്കമാണ്. ഉഷ്ണത്തിലും ശൈത്യത്തിലും ഉലയാത്ത മനസ്സുമായി ജീവിക്കുന്ന പ്രവാസി മലയാളി ലോകത്തിന്റെ ഏത് മൂലയിൽ ചെന്നാലും അവന്റെ സ്വത്വം ഉയർത്തി പിടിക്കുന്നു.

സാംസ്കാരിക തേജസിന്റെ പ്രഭാവമായ വിചാരങ്ങളും വികാരങ്ങളും ഉണർന്ന, കുറെ വലിയ മനുഷ്യർ ജീവിച്ച, സംസ്കാരം ജ്വലിച്ചുനിന്ന, മനുഷ്യരാശിക്കു ഒരുപാടു വലിയ മൂല്യങ്ങൾ സംഭാവന ചെയ്ത നാടാണ് നമ്മുടേത്. ചെറുതും വലുതുമായ ചങ്ങാത്ത കൂട്ടായ്മയിലൂടെ ലോകത്തിനുമുന്നിൽ കേരളത്തിന്റെ കൊടി പാറിക്കാൻ പ്രവാസികൾ എന്നും ആവേശം കാണിക്കാറുണ്ട്. ഗൾഫ് നാടുകളിലെ സാമൂഹിക രംഗങ്ങളിൽ മലയാളി സംഘടനകളുടെ പ്രവർത്തനങ്ങൾക്ക് വലിയ പ്രസക്തിയും പ്രാധാന്യവുമാണുള്ളത്. മരുഭൂ രാജ്യങ്ങളിലെ മലയാളി സംഘടനാ കരുത്ത് കേവലം കലാസാംസ്കാരിക പരിപാടികളിൽ മാത്രം ഒതുങ്ങുന്നതല്ല. തൊഴിലുടമകളുടെ പലവിധ ചൂഷണത്തിനു വിധേയരാകുന്ന ആയിരക്കണക്കിന് പ്രവാസികൾക്ക് മലയാളി സംഘടനകൾ എല്ലാ അർത്ഥത്തിലും കൈത്താങ്ങാകുന്നു. മലയാളത്തെ നെഞ്ചിലേറ്റുന്ന പ്രവാസി, കടൽ കടക്കുന്നതോടെ മാതൃഭാഷ മറക്കുന്നില്ലെന്ന് മാത്രമല്ല മാതൃഭാഷാ പോഷണത്തിനായി നിരന്തര പരിശ്രമവും നടത്തിവരുന്നുണ്ട്.

ഒഴുകുന്ന പുഴപോലെയാണ് കേരളത്തിലെ പ്രവാസികൾ. അനുനിമിഷം മാറിക്കൊണ്ടിരിക്കുന്ന പുഴവെള്ളം പോലെ പ്രവാസികളും മാറും. വിദേശത്ത് ജോലി ചെയ്യുന്നവർ നാളെ പ്രവാസം അവസാനിപ്പിച്ച് നാട്ടിലെത്താം. വിദേശത്ത് സമ്പാദിച്ചതൊക്കെയും ജന്മനാട്ടിൽ ചെലവഴിക്കുകയാണ് മിക്കവരും ചെയ്യുന്നത്. സ്വത്തായാലും, പ്രവാസജീവിതത്തിൽ ആർജ്ജിച്ച നൈപുണ്യമായാലും ശരിയായ വിധം ഉപയോഗപ്പെടുത്തുകയാണ് കേരളം ചെയ്യേണ്ടത്. നിലവിലുള്ള പ്രവാസി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനപ്പുറം, ദീർഘവീക്ഷണത്തോടെയുള്ള ഇടപെടലാണ് ആവശ്യം. ചെറിയ സാധ്യതകളെപ്പോലും ഊർജ്ജമാക്കിമാറ്റി അന്യനാട്ടിൽ വിയർപ്പൊഴുക്കിയവരാണ് പ്രവാസികൾ. കച്ചിത്തുരുമ്പുപോലും ചവിട്ടുപടിയാക്കി മാറ്റുന്ന പ്രവാസിയുടെ വിഭവശേഷി ഫലപ്രദമായി ഉപയോഗപ്പെടുത്തിയാൽ നേട്ടം അവർക്കു മാത്രമായിരിക്കില്ല, മാറ്റമുണ്ടാവുന്നത് കേരളത്തിന്റെ സമസ്ത മേഖലയിലുമായിരിക്കും.

2020-ൽ കോവിഡ് ഒന്നാംഘട്ട വ്യാപന സമയത്തും അതിനുശേഷവും പ്രവാസികളുടെ വലിയതോതിലുള്ള തിരിച്ചുവരവിനാണ് കേരളം സാക്ഷ്യം വഹിച്ചത്. ഏതാണ്ട് 10 ലക്ഷത്തിലേറെ പ്രവാസികൾ തിരികെയെത്തിയെന്നാണ് കണക്ക്. കോവിഡ്കാലം യഥാർത്ഥത്തിൽ പ്രവാസികളുടെ നട്ടെല്ലാണ് ഒടിച്ചത്. ഇപ്പോഴും കോവിഡ്19 സൃഷ്ടിച്ച തൊഴിൽ പ്രതിസന്ധി തുടരുകയാണ്. 10 ലക്ഷത്തിലധികംപേർ തിരിച്ചെത്തി എന്നു പറയുമ്പോൾ അത്രയും മനുഷ്യവിഭവശേഷി സംസ്ഥാനത്തേക്കെത്തി എന്നാണർത്ഥം. ആ വിഭവശേഷി നാടിന്റെ വികസനത്തിന് ഉപയോഗിക്കേണ്ടതുണ്ട്.

പ്രവാസത്തിലേക്ക് കടക്കുമ്പോഴെന്നപോലെതന്നെ പ്രവാസം മതിയാക്കി വിമാനം കയറുന്നവരുടെ മനസ്സിലുമുണ്ടാകും ഒരുപാടു സ്വപ്നങ്ങൾ. അപ്രതീക്ഷിതമായി ജോലി നഷ്ടപ്പെട്ട് മടങ്ങുന്നവരുടെ ഉള്ളിലാകട്ടെ ഒരുപാട് ആകുലതകളും, സ്വപ്നങ്ങൾ പുറത്തുപറയും ആകുലതകൾ നെഞ്ചിലൊതുക്കും. പ്രവാസി ബാധ്യതയല്ല സാധ്യതയാണ് എന്ന് മനസ്സിലാക്കുവാനും പ്രതിസന്ധികളിൽ തളരുമ്പോൾ യാഥാർത്ഥ്യങ്ങളെ വിസ്മരിച്ച് മനുഷ്യമനസ്സിൽ മുളപൊട്ടുന്ന മൃത്യുബോധത്തിന്റെ നിഴലാട്ടങ്ങളെ മായ്ച്ചുകൊണ്ട് പ്രതീക്ഷാനിർഭരമായ ചേർത്തുപിടിക്കലിലൂടെ അവരുടെ ജീവിതം ഹരിതാഭമാക്കാനും പ്രവാസികളുമായി ബന്ധപ്പെട്ട പദ്ധതികൾ കൃത്യമായി നടപ്പാക്കുന്നതിനു ശരിയായ ദിശാബോധത്തോടെ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും വേണ്ടിയാണ് പന്ത്രണ്ടാം കേരള നിയമസഭയുടെ കാലയളവിൽ 31-7-2010-ൽ പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി രൂപീകരിച്ചത്.

സുരക്ഷിതവും സുഗമവുമായ ദേശാന്തരഗമനം ഉറപ്പാക്കുക, മടങ്ങിയെത്തുന്ന പ്രവാസികളുടെ പുനരധിവാസവും പുനർസമന്വയവും ഉറപ്പാക്കുക, പ്രവാസി മലയാളികളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്ന നോർക്ക റൂട്ട്സുമായി ചേർന്ന് വിവിധ ക്ഷേമപ്രവർത്തനങ്ങളിൽ ഏർപ്പെടുക തുടങ്ങിയ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതോടൊപ്പം പ്രവാസികളുടെ പരാതികൾ പരിഹരിക്കുന്നതിനും അതിലൂടെ പ്രവാസി ജീവിതത്തിൽ സുപ്രധാനമായ പങ്ക് വഹിക്കുക എന്നതുമാണ് പ്രവാസിമലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ കർത്തവ്യങ്ങൾ.

2020 ജനുവരി 1 മുതൽ 2021 ഡിസംബർ 31 വരെയുള്ള കാലയളവിലെ സമിതിയുടെ പ്രവർത്തനങ്ങളും സമിതിയുടെ പരിഗണനയിലുള്ളതും നാളിതുവരെ ഗവൺമെന്റിൽ നിന്ന് അന്തിമ റിപ്പോർട്ട് ലഭിക്കാത്തതുമായ ഹർജികളുടെയും സമിതിയുടെ ഇടപെടൽമൂലം പരിഹരിക്കപ്പെട്ട ഹർജികളുടെയും സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഹർജികളുടെയും വിശദാംശങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സമിതിയ്ക്ക് പരിമിത എണ്ണം യോഗങ്ങൾ മാത്രമേ ചേരുവാൻ സാധിച്ചുള്ളൂ. പ്രസ്തുത യോഗങ്ങളിൽ, 55 ഹർജികളിന്മേൽ ഗവൺമെന്റിൽ നിന്നും ലഭിച്ച റിപ്പോർട്ടുകൾ പരിഗണിക്കുകയും 43 ഹർജികളിന്മേലുള്ള നടപടി അവസാനിപ്പിക്കുകയും ചെയ്തു. റിപ്പോർട്ട് കാലയളവിൽ (2020 ജനുവരി 1 മുതൽ 2021 ഡിസംബർ 31 വരെ) സമിതി (2019-21)-യുടെ 11-ാമത് റിപ്പോർട്ട് (ഛത്തീസ്ഗഡ്, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങളിലെ മലയാളികളുടെ പ്രശ്നങ്ങളും അവയുടെ പരിഹാര മാർഗ്ഗങ്ങളും സംബന്ധിച്ച്), സമിതി(2019-21)-യുടെ 12-ാമത് റിപ്പോർട്ട് (2019 ജനുവരി 1 മുതൽ 2019 ഡിസംബർ 31 വരെ പരിഗണിച്ച ഹർജികൾ സംബന്ധിച്ച്), സമിതി (2011-14)-യുടെ അഞ്ചാമത് റിപ്പോർട്ടിന്മേലും (2010 ജൂലൈ 31 മുതൽ 2013 മേയ് 31 വരെ പരിഗണിച്ച ഹർജികൾ സംബന്ധിച്ച്) സമിതി (2014-16)-യുടെ ആറാമത് റിപ്പോർട്ടിന്മേലുമുള്ള (2013 ജൂൺ 1 മുതൽ 2015 സെപ്റ്റംബർ 30 വരെ പരിഗണിച്ച ഹർജികൾ സംബന്ധിച്ച്) ആക്ഷൻടേക്കൺ റിപ്പോർട്ടുകൾ എന്നിവ ഉൾപ്പെടെ നാലു റിപ്പോർട്ടുകൾ സമർപ്പിക്കുകയുണ്ടായി.

**റിപ്പോർട്ട് കാലയളവിൽ സമിതിയ്ക്ക് ലഭിച്ച ഹർജികൾ, ഗവൺമെന്റിൽ നിന്ന് ലഭിച്ച റിപ്പോർട്ടുകൾ, സമിതി നടത്തിയ തെളിവെടുപ്പുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ നൽകുന്ന നിർദ്ദേശങ്ങൾ/ശിപാർശകൾ**

പ്രവാസിമലയാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി പ്രവർത്തിക്കുന്ന ഒരു നോഡൽ ഏജൻസിയാണ് നോർക്ക റൂട്ട്സ്. പ്രവാസികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക, അവകാശങ്ങൾ പരിരക്ഷിക്കുക, മറുനാട്ടിൽ നിന്നും മടങ്ങിയെത്തിയവരെ പുനരധിവസിപ്പിക്കുക, കേരളത്തിന്റെ സാധ്യതകൾ വിലയിരുത്തി ആനുകൂല്യങ്ങൾ നേടുന്നതിന് പ്രവാസി മലയാളികളെ സഹായിക്കുന്നതിന് സംവിധാനം രൂപപ്പെടുത്തുക തുടങ്ങി നോർക്ക സെല്ലിന്റെ ദൗത്യത്തെ സംബന്ധിച്ച് വിലയിരുത്തിയ സമിതി, കേരളത്തിന് പുറത്ത് മലയാളികൾ കൂടുതലായി അധിവസിക്കുന്ന സ്ഥലങ്ങളിൽ നോർക്ക സെല്ലുകളുടെ അഭാവത്താൽ അവിടെയുള്ള മലയാളികൾ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ടെന്ന് മനസ്സിലാക്കുന്നു. <u>ആയതിനാൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ മാനദണ്ഡങ്ങൾക്ക് വിധേയമായി നോർക്ക സെല്ലുകൾ ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2. പ്രവാസികളുടെ വിവിധ വിഷയങ്ങളിലെ പരാതികൾ കേൾക്കുവാനും അവയ്ക്ക് പരിഹാരം കാണുന്നതിലേക്കുമായി ജില്ലാ കളക്ടർ ചെയർമാനും, ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കൺവീനറായും നോർക്ക റൂട്ട്സിന്റെയും നോർക്ക വെൽഫെയർ ബോർഡിന്റെയും ഓരോ പ്രതിനിധികളും ജില്ലാ പോലീസ് മേധാവിയും മൂന്നു പ്രവാസി പ്രതിനിധികളും അടങ്ങുന്ന പ്രവാസി പരാതി പരിഹാര സമിതി രൂപീകരിച്ചിരുന്നു. പ്രവാസികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും, പരാതികൾ സ്വീകരിക്കുന്നതിനുമായി

രൂപീകരിച്ച പ്രസ്തുത സമിതിയുടെ പ്രവർത്തനം നിലവിൽ കാര്യക്ഷമമല്ലെന്ന് നിരീക്ഷിച്ച സമിതി, ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് ശിപാർശ ചെയ്യുന്നു.

2(a) പ്രസ്തുത സമിതിയ്ക്ക് ലഭിക്കുന്ന പരാതികളിൽ വസ്തു സംബന്ധമായ പ്രശ്നങ്ങളാണ് പ്രധാനമായിട്ടുള്ളതെന്ന് സമിതി വിലയിരുത്തുന്നു. ഇവയിൽ ഭൂമിയുടെ സർവ്വേയാണ് ആദ്യം നടക്കേണ്ടതെന്നും നിലവിൽ ഡി.ജി.പി. ഓഫീസിന്റെ കീഴിൽ എസ്.പി. തലവനായ സെല്ലാണ് ഇത്തരം പരാതികൾ കൈകാര്യം ചെയ്തുവരുന്നതെന്നും സമിതിക്ക് ബോധ്യപ്പെടുകയുണ്ടായി. ഈ സെല്ലിന്റെ പ്രവർത്തനം അതത് ജില്ലാപോലീസിനെ ആശ്രയിച്ചാണ് നടക്കുന്നത്. അതിനാൽ, പ്രസ്തുത സമിതിയിൽ ജില്ലാ പോലീസ് അംഗത്തെക്കൂടി ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ജനപ്രതിനിധികളെ കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

3. പ്രവാസജീവിതം മതിയാക്കി തിരികെയെത്തിയ പ്രവാസികേരളീയർക്കു വേണ്ടി നോർക്ക റൂട്ട്സ് നടപ്പിലാക്കിയ ദുരിതാശ്വാസ നിധിയാണ് സാന്ത്വന. പ്രവാസികൾക്ക് വിദേശത്തുവച്ച് മരണം സംഭവിക്കുകയാണെങ്കിൽ ആശ്രിതർക്ക് മരണാനന്തര ധനസഹായം, ഗുരുതരരോഗമുള്ളവർക്ക് ചികിത്സാധനസഹായം, തിരികെയെത്തിയ പ്രവാസികളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം, പ്രവാസികളായ കേരളീയർക്കും അവരുടെ ആശ്രിതർക്കും അംഗവൈകല്യ പരിഹാരത്തിനുള്ള ധനസഹായം എന്നിവയാണ് സാന്ത്വന വഴി ലഭിക്കുന്ന സഹായങ്ങൾ. പ്രവാസി തിരികെയെത്തിയിട്ട് വിദേശത്ത് ജോലിചെയ്ത അത്രയും കാലയളവ് അല്ലെങ്കിൽ പത്തു വർഷത്തിനുള്ളിൽ അപേക്ഷ നൽകിയിരിക്കണം എന്നാൽ മാത്രമേ ഈ പദ്ധതി പ്രകാരമുള്ള സഹായത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. പദ്ധതി സംബന്ധിച്ച് വ്യക്തമായ ധാരണ ഇല്ലാത്തവർക്കും മറ്റു പല കാരണങ്ങളാൽ സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കാൻ സാധിക്കാത്തവർക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കാതിരിക്കുന്നത് ആശാസ്യമല്ല എന്ന് സമിതി വിലയിരുത്തുന്നു. പ്രവാസി മലയാളികൾ നാട്ടിൽ തിരിച്ചെത്തി 10 വർഷത്തിനു ശേഷം സാന്ത്വന പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അപേക്ഷിച്ചാൽ ആയത് ലഭിക്കുകയില്ലായെന്നത് വളരെ ഖേദകരമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. അതിനാൽ സാന്ത്വന പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അപേക്ഷിക്കാനുള്ള കാലപരിധിയിൽ മാറ്റം വരുത്തണമെന്നും പദ്ധതി സംബന്ധിച്ച് പ്രവാസികൾക്ക് അവബോധം സൃഷ്ടിക്കുന്നതിനും പദ്ധതി വിശദാംശങ്ങൾ അവരിൽ എത്തിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

4. വിദേശ/ഇതര സംസ്ഥാന മലയാളികൾക്കും അവരുടെ ആശ്രിതർക്കും ചികിത്സാധനസഹായം ഉൾപ്പെടെ വിവിധ സഹായങ്ങൾ നൽകുന്ന സാന്ത്വന പദ്ധതിയിലൂടെ നൽകുന്ന തുക അപര്യാപ്തമാണെന്നും വളരെ കുറച്ച് പേർക്ക് മാത്രമേ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുള്ളൂ എന്നും സമിതിയ്ക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. ആയതിനാൽ സാന്ത്വന പദ്ധതിയുടെ മാനദണ്ഡങ്ങളിൽ കാലോചിതമായ മാറ്റം വരുത്തണമെന്നും, എല്ലാ അപേക്ഷകളും അനുഭാവപൂർവ്വം മാനദണ്ഡങ്ങൾക്ക് വിധേയമായി പരിഗണിയ്ക്കണമെന്നും ധനസഹായ തുക വർദ്ധിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

5. വിദേശത്ത് നിന്ന് തൊഴിൽ നഷ്ടപ്പെട്ടോ, വിസാകാലാവധി കഴിഞ്ഞോ, മറ്റു സാമ്പത്തിക-ശാരീരിക പ്രയാസങ്ങൾ മുഖേനയോ തിരികെയെത്തുന്ന പ്രവാസികളുടെ പുനരധിവാസം സർക്കാർ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ്. ടി പ്രവാസികളുടെ തൊഴിൽവൈദഗ്ദ്ധ്യം വിവിധ മേഖലകളിൽ പ്രയോജനപ്പെടുത്താൻ കഴിയുക എന്നത് വളരെ അഭിലഷണീയമാണ് എന്ന് സമിതി കരുതുന്നു. തിരികെയെത്തിയ പ്രവാസികൾക്ക് സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നിലവിൽ നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രൻസ്, സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് മുഖേന ഉപദേശങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും നൽകിവരുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. സർക്കാർ പദ്ധതികളിൽ സ്ത്രീസംരംഭകരെയും സ്ത്രീതൊഴിലാളികളെയും ഉൾപ്പെടുത്തുന്നതുവഴി അവർക്ക് സാമ്പത്തിക ഭദ്രതയും സാമൂഹ്യ സുരക്ഷയും ഉറപ്പു വരുത്താൻ കഴിയുന്നു. ആയതിനാൽ ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സംരംഭങ്ങളിൽ പ്രവാസി സ്ത്രീകളെ കൂടി ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6. പ്രവാസികേരളീയർക്ക് പലതരത്തിലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള തിരിച്ചറിയൽ രേഖയായാണ് പ്രവാസി ഐ.ഡി. കാർഡ് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ പ്രവാസി തിരിച്ചറിയൽ കാർഡുള്ളവർക്ക് പല കാരണങ്ങളാലും അർഹമായ ആനുകൂല്യങ്ങൾ ലഭിക്കാതെ വരുന്നതായി സമിതിക്ക് ലഭിച്ച ഹർജികളിൽ നിന്ന് ബോധ്യപ്പെടുകയുണ്ടായി. ആയതിനാൽ പ്രവാസി തിരിച്ചറിയൽ കാർഡുള്ളവർക്ക് കൈത്തറി ഉല്പന്നങ്ങൾ വാങ്ങുന്നതിന് റിബേറ്റ് ഉൾപ്പെടെ അർഹമായ എല്ലാ ആനുകൂല്യങ്ങളും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7. വിദേശ രാജ്യങ്ങളിലെ ദുർഘടമായ തൊഴിലിടങ്ങളിലും ലേബർ ക്യാമ്പുകളിലും തുച്ഛമായ വേതനത്തിന് പണിയെടുക്കുന്നവരാണ് നല്ലൊരു ശതമാനം പ്രവാസികളും. കാര്യമായ വരുമാനമോ സമ്പാദ്യങ്ങളോ ഇല്ലാതെ വിദേശത്ത് വച്ച് അപകടം സംഭവിക്കുന്ന/അസുഖങ്ങൾ ബാധിക്കുന്ന പ്രവാസി മലയാളികൾക്ക് നാട്ടിൽ തിരികെ

എത്തുന്നതിന് വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ഇത്തരക്കാർക്ക് ഭീമമായ വിമാന ടിക്കറ്റ് ചാർജ്ജും അനുബന്ധ ചെലവുകളും താങ്ങാനാവില്ല. ആയതിനാൽ, അർഹരായവർക്ക് എംബസിയിൽ നിന്നുള്ള മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ വിമാന ടിക്കറ്റിൽ ഇളവ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

8. വിദേശ രാജ്യങ്ങളിൽ തൊഴിലിടങ്ങളിലെ അപകടങ്ങളോ മറ്റ് വാഹനാപകടങ്ങളോ പലതരം അസുഖങ്ങൾ മൂലമോ നിരവധി പ്രവാസികൾക്ക് ജീവഹാനി സംഭവിക്കാറുണ്ട്. സന്നദ്ധ സംഘടനകളോ, സുഹൃത്തുക്കളോ ആയിരിക്കും മൃതദേഹങ്ങൾ നാട്ടിലെത്തിക്കാൻ മുൻകൈ എടുക്കുന്നത്. ഇതര രാജ്യങ്ങളിൽ മരണപ്പെടുന്ന കേരളീയരായ പ്രവാസികളുടെ ഭൗതിക ശരീരം നാട്ടിൽ എത്തിക്കുന്നതിനു വിമാന കമ്പനികൾ മൃതദേഹം തൂക്കിനോക്കി ഭീമമായ തുക ഈടാക്കുന്നതായി സമിതിക്ക് ലഭിച്ച വിവിധ ഹർജികളിൽ നിന്ന് ബോദ്ധ്യപ്പെട്ടു. ആയത് തികച്ചും ഹീനവും മനുഷ്യത്വരഹിതവുമായ നടപടിയാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ വിദേശത്ത് മരണമടയുന്നവരുടെ മൃതദേഹം തികച്ചും സൗജന്യമായി നാട്ടിൽ എത്തിക്കുന്നതിന് സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9. പ്രവാസിമലയാളികളുടെ മൃതശരീരം സ്വദേശത്ത് കൊണ്ടുവരുന്നതിനുള്ള പ്രത്യേകനിധിയാണ് കാരുണ്യം. പ്രവാസികേരളീയന്റെ മൃതദേഹം ഏറ്റവും ചെലവ് കുറഞ്ഞ രീതിയിൽ സ്വദേശത്ത് എത്തിക്കുന്നതിന് ബന്ധുക്കൾക്ക് മറ്റൊരു ധനമാർഗ്ഗവുമില്ലാത്ത അസാധാരണ സന്ദർഭങ്ങളിലാണ് ഈ സഹായം നൽകിവരുന്നത്. ഇത്തരം സന്ദർഭങ്ങളിൽ വിദേശത്തുള്ള പല കൂട്ടായ്മകളും സന്നദ്ധ സംഘടനകളും ഈ ദൗത്യം ഏറ്റെടുക്കാറുണ്ട്. എന്നാൽ അവർക്ക് ഈ ധനസഹായം ലഭിക്കാറില്ല. ആയതിനാൽ കാരുണ്യം പദ്ധതിയുടെ മാനദണ്ഡങ്ങൾക്ക് കാലോചിതമായ മാറ്റം വരുത്തണമെന്നും പദ്ധതിയിലേയ്ക്ക് പ്രവാസി അസോസിയേഷനുകളെക്കൂടി ഉൾപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

10. വിദേശരാജ്യങ്ങളിലെ തൊഴിൽ സാധ്യതകളും കോഴ്സുകളുടെ വൈവിധ്യവും അടിസ്ഥാന സൗകര്യങ്ങളുടെ മേന്മയും പാർട്ട് ടൈം തൊഴിൽ സംസ്കാരവും മറ്റ് പല ആകർഷണീയതകളും കാരണം നിരവധി വിദ്യാർത്ഥികൾ വിദേശ സർവ്വകലാശാലകൾ ഉന്നതവിദ്യാഭ്യാസത്തിനായി തെരെഞ്ഞെടുക്കുന്നു. വിദേശപഠനത്തിന് പോകുന്നവരുടെ എണ്ണം അനുദിനം വർദ്ധിക്കുന്നതിനനുസരിച്ച് സാധ്യതകൾക്കൊപ്പം ചൂഷണവും വർദ്ധിക്കുന്നതായി സമിതി വിലയിരുത്തി. കേരളത്തിൽ നിന്ന് വിദ്യാർത്ഥികൾ പഠനത്തിന് വിദേശരാജ്യങ്ങളിലേയ്ക്ക് പോകുന്നതിനായി വിവിധ റിക്രൂട്ടിംഗ് ഏജൻസികളെ സമീപിക്കുന്നു. വിദേശരാജ്യങ്ങളിൽ എത്തികഴിഞ്ഞാൽ യാതൊരുവിധ സഹായങ്ങളും ഈ ഏജൻസികൾ കുട്ടികൾക്ക് നൽകാറില്ല. ഇവ നിയമവിരുദ്ധമായാണോ

പ്രവർത്തിക്കുന്നതെന്ന് മനസ്സിലാക്കാനുള്ള സംവിധാനവും നിലവിലില്ലായെന്ന് സമിതിക്ക് ലഭിച്ച പരാതികളിൽ നിന്ന് മനസ്സിലാക്കാൻ സാധിച്ചു. ഓരോ വിദേശ രാജ്യങ്ങളിലും പഠിക്കുന്ന വിദ്യാർത്ഥികളെ സംബന്ധിച്ച കണക്കും വിശദാംശങ്ങളും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല എന്നതും റിക്രൂട്ടിംഗ് ഏജൻസികളുടെ അംഗീകാരം സംബന്ധിച്ച് നിബന്ധനകൾ ഇല്ലാത്തതും വളരെ പ്രതിസന്ധി സൃഷ്ടിക്കുന്നതായി സമിതിക്ക് ബോധ്യപ്പെട്ടു. ആയതിനാൽ വിദേശരാജ്യങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വിശദമായ കണക്കും, അവരെ റിക്രൂട്ട് ചെയ്യുന്ന ഏജൻസികളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങളും തയ്യാറാക്കാൻ വേണ്ട അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

11. കേരളത്തിൽ നിന്ന് വിദേശരാജ്യങ്ങളിൽ പഠനാവശ്യത്തിനായി പോയിട്ടുള്ള വിദ്യാർത്ഥികൾ കോവിഡ്-19-ന്റെ സാഹചര്യത്തിൽ വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. നോർക്ക റൂട്ട്സ് രൂപീകരിച്ച സമയത്ത് ഇത്രയധികം വിദ്യാർത്ഥികൾ വിദേശത്ത് പോയിരുന്നില്ലെന്നും എന്നാൽ ഇപ്പോൾ ധാരാളം വിദ്യാർത്ഥികൾ വിദേശത്ത് പോകുന്നുണ്ടെന്നും സമിതി വിലയിരുത്തുന്നു. വിദ്യാർത്ഥികളുടെ വിശദമായ ഡാറ്റാബാങ്ക് തയ്യാറാക്കിയിട്ടില്ല എന്നത് ന്യൂനതയായി സമിതി വിലയിരുത്തി. സന്നിഗ്ധ ഘട്ടങ്ങളിൽ സഹായ പദ്ധതികൾ രൂപീകരിക്കുന്നതിന് ഇത് വിഘാതം സൃഷ്ടിക്കുന്നു. മാത്രമല്ല 2008-ലെ പ്രവാസികേരളീയരുടെ ക്ഷേമ ആക്ട് പ്രകാരം ഉപജീവനത്തിനായി വിദേശത്ത് പോകുന്നവരാണ് പ്രവാസികൾ. പ്രസ്തുത നിർവ്വചനത്തിൽ വിദ്യാർത്ഥികളെ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ അവർക്ക് പ്രവാസി ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലായെന്നും സമിതിക്ക് ബോദ്ധ്യപ്പെടുകയുണ്ടായി. ആയതിനാൽ, നിലവിലെ പ്രവാസി ആക്ടിൽ പ്രവാസികളുടെ നിർവ്വചനത്തിൽ വിദ്യാർത്ഥികളെ കൂടി ഉൾപ്പെടുത്തി നിയമഭേദഗതി വരുത്തുന്നതിനു നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12. കോവിഡ്-19 മഹാമാരി പടർന്ന്പിടിച്ച സമയത്തും ദുരന്തകാലഘട്ടത്തിലും മടങ്ങിയെത്തിയ പ്രവാസികളുടെ വിവരങ്ങൾ കൃത്യമായി സൂക്ഷിക്കേണ്ടതാണെന്ന് സമിതി നിരീക്ഷിക്കുന്നു. എന്നാൽ വിദേശത്ത് പോകുന്നവരുടേയും മടങ്ങിയെത്തുന്നവരുടേയും കണക്കുകളോ വിശദവിവരങ്ങളോ ലഭ്യമല്ലാത്ത സാഹചര്യമാണ് നിലവിലുള്ളത്. കോവിഡ് ബാധിച്ച് മരിക്കുന്ന തദ്ദേശീയർക്ക് നിരവധി ധനസഹായങ്ങൾ സംസ്ഥാന സർക്കാർ നൽകിവരുന്നുണ്ട്. വിശദാംശങ്ങളും വ്യക്തമായ ഡേറ്റയും ലഭ്യമല്ലാത്തതിനാൽ കോവിഡ് ബാധിച്ച് വിദേശത്ത് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് സർക്കാർ ധനസഹായം ലഭിക്കാത്ത സാഹചര്യമാണ്. കോവിഡ് ബാധിച്ച് മരിക്കുന്ന തദ്ദേശിയർക്ക് സംസ്ഥാന സർക്കാർ നൽകുന്ന ധനസഹായം, കോവിഡ് ബാധിച്ച് വിദേശത്ത് വച്ച് മരണമടയുന്ന നിർദ്ധനരായ പ്രവാസി കുടുംബങ്ങൾക്കുകൂടി ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

13. വിവിധ തൊഴിൽ മേഖലകളിൽ വൈദഗ്ധ്യം നേടിയവരാണ് ഉപജീവനാർത്ഥം വിദേശരാജ്യങ്ങളിൽ പണിയെടുക്കുന്നത്. എന്നാൽ അവർ മടങ്ങിയെത്തുമ്പോൾ അവരുടെ വൈദഗ്ധ്യം സംസ്ഥാനത്തെ വിവിധ മേഖലകളിൽ യഥാവിധി പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല. വിദേശത്ത് പോകുന്നവരുടേയും മടങ്ങിയെത്തുന്നവരുടേയും വിവരങ്ങളും അവരുടെ തൊഴിൽ വൈദഗ്ധ്യം സംബന്ധിച്ച വിശദാംശങ്ങളും ശേഖരിക്കുന്നതിന് ജില്ലാ പഞ്ചായത്തുകൾ പദ്ധതി ആവിഷ്കരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

14. 2018-ലെ മഹാപ്രളയത്തിൽ വീടും സ്വത്തും നഷ്ടപ്പെട്ടവർക്ക് കേരള സർക്കാർ വായ്പാ തിരിച്ചടവിന് മൊറട്ടോറിയം പ്രഖ്യാപിച്ചു. എന്നാൽ സർക്കാർ പ്രഖ്യാപിച്ച മൊറട്ടോറിയത്തിന്റെ ആനുകൂല്യം എച്ച്.ഡി.എഫ്.സി. പോലെയുള്ള ന്യൂജനറേഷൻ ബാങ്കുകളിൽ നിന്ന് ഭവന വായ്പ എടുത്തവർക്ക് ലഭിക്കുന്നില്ലായെന്ന് സമിതിക്ക് ബോധ്യപ്പെടുകയുണ്ടായി. ആയതിനാൽ സർക്കാർ പ്രഖ്യാപിക്കുന്ന മൊറട്ടോറിയത്തിന്റെ ആനുകൂല്യം HDFC പോലുള്ള ന്യൂജനറേഷൻ ബാങ്കുകളിൽ കൂടി ബാധകമാക്കുന്നതിന് പ്രസ്തുത ബാങ്കുകളെ SLBC-യുടെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15. തിരികെയെത്തിയ പ്രവാസികളുടെ ജീവിതമാർഗ്ഗത്തിനായി സുസ്ഥിര സംരംഭക മാതൃക വികസിപ്പിക്കുന്നതിനും, മാർഗ്ഗനിർദ്ദേശം നൽകുന്നതിനും, മൂലധന സബ്സിഡി നൽകുന്നതിനും, പുതിയ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിനുമായി രൂപീകരിച്ച പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ്. ഈ പദ്ധതിയിൽ അപേക്ഷിക്കാൻ സംരംഭകൻ രണ്ട് വർഷമെങ്കിലും പ്രവാസിയായിരിക്കണമെന്നും വായ്പയ്ക്ക് അപേക്ഷിക്കുമ്പോൾ അയാൾ തിരിച്ച് നാട്ടിലെത്തിയ വ്യക്തിയായിരിക്കണമെന്നുമുള്ള നിബന്ധനകളാണ് ഉള്ളതെന്ന് മനസ്സിലാക്കിയ സമിതി അപേക്ഷാമാനദണ്ഡങ്ങൾ പ്രവാസിസൗഹൃദപരമായിരിക്കണമെന്നും സംരംഭകരെ സഹായിക്കുന്നതിനായി വ്യവസായ വകുപ്പും, നോർക്ക വകുപ്പും ചേർന്ന് സംയോജിതമായി പ്രോജക്ടുകൾ വിഭാവനം ചെയ്യണമെന്നും ശിപാർശ ചെയ്യുന്നു.

16. സർക്കാരിന്റെ അടിയന്തര ഇടപെടൽ ആവശ്യമായവയാണ് പ്രവാസി മലയാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ഏറെയും. സമിതിയുടെ ഇടപെടൽമൂലം പ്രവാസികളുടെ പ്രശ്നങ്ങൾക്ക് സത്വര പരിഹാരം കാണുന്നതിന് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് യഥാസമയം തുടർനടപടി റിപ്പോർട്ട് ലഭിക്കേണ്ടതുണ്ട്. വൈകികിട്ടുന്ന നീതി, നീതി നിഷേധത്തിന് തുല്യമായി സമിതി വിലയിരുത്തുന്നു. പ്രവാസി മലയാളികളുടെ അടിയന്തര ആവശ്യങ്ങളിന്മേൽ വകുപ്പുകളിൽ നിന്നും മറുപടി ലഭിക്കുവാൻ രണ്ടു മൂന്നു വർഷം കാലതാമസമുണ്ടാകുന്നത് വളരെ ഗൗരവമായി സമിതി വീക്ഷിക്കുന്നു. സമയബന്ധിതമായി മറുപടി ലഭ്യമാക്കുന്നതിന് എല്ലാ വകുപ്പുകളും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17. സമിതിയുടെ റിപ്പോർട്ടുകളിലെ ശിപാർശകളിൻമേൽ വകുപ്പുകൾ ലഭ്യമാക്കുന്ന നടപടി സ്റ്റേറ്റ്മെന്റുകളിൽ അന്യസംസ്ഥാന തൊഴിലാളികൾ എന്നതിനു പകരം ഇതരസംസ്ഥാന തൊഴിലാളികൾ എന്ന പദം ഉപയോഗിയ്ക്കണം എന്ന് സമിതി ശിപാർശ ചെയ്യുന്നു.

## പൊതു ശിപാർശകൾ

1. കോവിഡ് മഹാമാരിയുടെ വ്യാപനാരംഭത്തിൽ നോർക്ക റൂട്സ് റെസ്പോൺസ് സെൽ രൂപീകരിച്ചിരുന്നു. നോർക്കയുടെ കോൾ സെന്റർ വഴി ലഭിക്കുന്ന പരാതികൾക്ക് റെസ്പോൺസ് സെല്ലുകൾ മുഖേന അടിയന്തര സഹായം ലഭിക്കുന്ന തരത്തിൽ ഹെൽപ്പ് ഡെസ്കുകൾ, ടെലികൗൺസിലിംഗ് സംവിധാനങ്ങൾ എന്നിവ സാധ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2. വിസാ കാലാവധി കഴിഞ്ഞും മറ്റുകാരണങ്ങളാലും വിദേശ ജയിലുകളിൽ കഴിയുന്നവർക്ക് ആവശ്യമായ നിയമ പരിരക്ഷ ടി രാജ്യങ്ങളിലെ നിയമവ്യവസ്ഥകൾക്കനുസൃതമായി ലഭിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി കരുതുന്നു. ആയതിനാൽ വകുപ്പിന്റെ കീഴിൽ നിയമസഹായ സെല്ലുകൾ കൂടുതൽ വ്യാപകമാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3. മടങ്ങിയെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനുള്ള സ്കിൽ റിപ്പോസിറ്ററി പോർട്ടൽ, സ്കിൽ ബാങ്ക് എന്നിവ ശക്തിപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4. പ്രവാസികൾ പലതരത്തിലുള്ള ചൂഷണങ്ങൾക്ക് വിധേയരാകുന്നത് സാധാരണയാണ്. നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റുകൾ, ഏജൻസികൾ, വിസാതട്ടിപ്പ് തുടങ്ങിയവയെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5. പ്രവാസി തിരിച്ചറിയൽ കാർഡ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിക്കണമെന്നും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തിരിച്ചറിയൽ കാർഡ് നൽകുന്ന കാര്യം പരിഗണിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

6. പ്രവാസി പെൻഷൻ തുക സമയബന്ധിതമായി പരിഷ്കരിക്കണമെന്നും, പലകാരണങ്ങൾകൊണ്ടും 60 വയസ്സിനുള്ളിൽ അപേക്ഷ സമർപ്പിക്കുവാൻ കഴിയാത്ത അവസ്ഥ ഒഴിവാക്കുന്നതിനായി പെൻഷന് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി ഉയർത്തണമെന്നും ശിപാർശ ചെയ്യുന്നു. കൂടാതെ അംശദായം അടയ്ക്കുന്നതിൽ മുടക്കം വരുത്തുന്ന പ്രവാസികളിൽ നിന്ന് കൂടിയ നിരക്കിലുള്ള പിഴ ഈടാക്കുന്നത് പുനഃപരിശോധിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

7. വിദേശ പഠനാവശ്യങ്ങൾക്ക് എടുത്തിട്ടുള്ള വിദ്യാഭ്യാസ വായ്പയ്ക്ക് അർഹരായവർക്ക് പലിശ ഇളവ് അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

8. സ്വാന്ത്വന പദ്ധതി മുഖേനയുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

9. ഉന്നതവിദ്യാഭ്യാസത്തിനുള്ള NRI ക്വാട്ട സീറ്റിൽ കുറഞ്ഞ വരുമാനക്കാരായ പ്രവാസികൾക്ക് നിശ്ചിത ശതമാനം സീറ്റ് സംവരണം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

10. പ്രവാസികൾ കേരളത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള വിപണി സംവിധാനം ശക്തിപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പ്രവാസി മലയാളികൾ നേരിടുന്ന കാതലായ പ്രശ്നങ്ങളിൽ കേന്ദ്രസംസ്ഥാന സർക്കാരുകളുടെ അടിയന്തര ഇടപെടൽ സാധ്യമാക്കുന്നതിനുള്ള ഉത്തരവാദിത്തം സമിതി കാര്യക്ഷമമായി നടപ്പിലാക്കുന്നു. വിദേശരാജ്യങ്ങളിലെ നിയമങ്ങൾക്കും സംവിധാനങ്ങൾക്കും അനുസൃതമായി സ്വന്തം പൗരന്റെ അവകാശങ്ങൾ സംരക്ഷിക്കാൻ ഓരോ രാജ്യവും പ്രതിജ്ഞാബദ്ധമാണ്. മഹാമാരിയുടെ കാലത്തും പ്രകൃതി ദുരന്തങ്ങളുടെ കാലത്തും നാട്ടിലെ സ്വന്തം സഹോദരങ്ങൾക്കുവേണ്ടി അളവില്ലാത്ത സഹായങ്ങൾ നൽകാൻ സന്നദ്ധരായ പ്രവാസി മലയാളികളുടെ ഒത്തൊരുമ നാം പലപ്പോഴായി അനുഭവിച്ചറിഞ്ഞതാണ്. ആയതുകൊണ്ടു തന്നെ പ്രവാസി നേരിടുന്ന ഓരോ പ്രശ്നവും സ്വന്തം പ്രശ്നമായികണ്ട് അവയ്ക്ക് ഏറ്റവും അനുയോജ്യമായ പരിഹാരം നിർദ്ദേശിക്കേണ്ടതും അതിനുവേണ്ടി പ്രവർത്തിക്കേണ്ടതും ഓരോ മലയാളിയുടെയും കടമയാണ്. മറ്റുരാജ്യങ്ങളിലും മടങ്ങിയെത്തിയശേഷവും പ്രവാസിയെ ചേർത്തുനിർത്തുന്നതിന് എല്ലാ സർക്കാർ സംവിധാനങ്ങളുടേയും കൂട്ടായ പ്രവർത്തനത്തിലൂടെ സാധിക്കുമെന്ന് സമിതി പ്രത്യാശിക്കുന്നു.

എ. സി. മൊയ്തീൻ,

*അദ്ധ്യക്ഷൻ,*
*പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2022 ജൂലൈ 4.

## അനുബന്ധം I

## സമിതിയുടെ ഇടപെടൽമൂലം പരിഹരിക്കപ്പെട്ട ഹർജികൾ സംബന്ധിച്ച വിശദാംശം

1. വിഷയം: പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2014-16)-യുടെ 6-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സംബന്ധിച്ച്.

[ഫയൽ നമ്പർ: 15936/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2016/നി.സെ.]

സമിതി (2014-16)-യുടെ 6-ാമത് റിപ്പോർട്ടിലെ താഴെപ്പറയുന്ന ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും അനുകൂല മറുപടി ലഭിച്ചിട്ടുണ്ട്.

### ശിപാർശ-32

പ്രവാസികൾക്ക് സർക്കാർ ഓഫീസുകളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പ്രത്യേക പരിഗണന നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### മറുപടി

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് ഇത് സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

### ശിപാർശ-35

പ്രവാസികൾക്കായുള്ള ക്ഷേമ/പുനരധിവാസ പദ്ധതികളുടെ നടത്തിപ്പിന്റെ മേൽനോട്ടത്തിന് നോർക്ക വകുപ്പിന്റെ കീഴിൽ അംഗീകൃത പ്രവാസി സംഘടനാ പ്രതിനിധികളെ ഉൾപ്പെടുത്തി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### മറുപടി

തിരികെയെത്തിയ പ്രവാസികൾക്ക് സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നിലവിലുള്ള നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM) പദ്ധതി വിപുലീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. സംരംഭങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നവർക്ക് സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (സി.എം.ഡി) മുഖേന വേണ്ട ഉപദേശങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും ലഭ്യമാക്കുന്നു. കോവിഡ് പ്രതിസന്ധിമൂലം തിരിച്ചുവരുന്ന പ്രവാസികൾക്ക് വേണ്ടി നടപ്പിലാക്കുന്ന പുനരധിവാസ പുനർസംയോജന പദ്ധതിക്ക് മാത്രമായി

50 കോടി രൂപ മാറ്റിവെച്ചിട്ടുണ്ട്. പ്രവാസികളുടെ പ്രശ്നങ്ങൾക്ക് സത്വര പരിഹാരത്തിനായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

**ശിപാർശ 44**

പ്രവാസി ക്ഷേമനിധിയിലെ അംഗങ്ങൾക്ക് പ്രത്യേകമായി ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുകയോ സംസ്ഥാന ഗവൺമെന്റിന്റെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (ചിയാക്)-യിൽ പ്രവാസികളെക്കൂടി ഉൾപ്പെടുത്തുകയോ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**മറുപടി**

ഗവൺമെന്റിന്റെ ഇൻഷ്വറൻസ് പോളിസിക്ക് സമാനമായ രീതിയിൽ പ്രവാസികൾക്കായി ക്രിട്ടിക്കൽ കെയർ ഇൻഷ്വറൻസ് പദ്ധതി എന്ന പേരിൽ നോർക്ക റൂട്ട്സ് വഴി മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിദേശത്തു ജോലി ചെയ്യുന്ന കേരളീയർക്ക് ഗുരുതര അസുഖങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനായി 2021 ജനുവരി മാസത്തിൽ ആരംഭിച്ച ഈ പദ്ധതിയിൽ 18-നും 60-നും മദ്ധ്യേ പ്രായമുള്ളവർക്ക് അംഗങ്ങളാകാവുന്നതാണ്. പോളിസിയിൽ പറയുന്ന പ്രകാരമുള്ള രോഗമുണ്ടായാൽ ഒരു ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷയും കൂടാതെ 2 ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസ് പരിരക്ഷയും ഉറപ്പാക്കുന്ന ഈ പദ്ധതിയിൽ ഇതുവരെ 12500 പേർ അംഗങ്ങളായിട്ടുണ്ട്. കൂടാതെ, നോർക്ക ഐഡി കാർഡ് ഉടമകളായ പ്രവാസികൾക്ക് നിലവിൽ അപകടം മൂലമുള്ള മരണത്തിന് 4 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷയും അപകടംമൂലമുള്ള ഭാഗികമായോ/സ്ഥിരമായോ അംഗവൈകല്യങ്ങൾക്ക് പരമാവധി 2 ലക്ഷം രൂപയുടെയും ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നുണ്ട്.

(കേരളീയ പ്രവാസികാര്യ (ബി) വകുപ്പിന്റെ 5-8-2021-ലെ B2/19/2016/നോർക്ക നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി)

2. വിഷയം:- പ്രവാസി ക്ഷേമ ബോർഡ് അംഗത്വം പുതുക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ. ശരത്ചന്ദ്രബോസ്, തൃശ്ശൂർ സമർപ്പിച്ച ഹർജി.

(ഫയൽനം. 23529/എൻ.ആർ.കെ.ഡബ്ല്യു.സി1/2017/നി.സെ.)

പ്രവാസി കേരളീയ ക്ഷേമ ബോർഡ് അംഗത്വം പുതുക്കി നൽകണമെന്നായിരുന്നു ശ്രീ. ശരത്ചന്ദ്രബോസ്, തൃശ്ശൂർ സമർപ്പിച്ച ഹർജിയിലെ ആവശ്യം. ശ്രീ. ശരത്ചന്ദ്ര ബോസിന് 080740727 നമ്പരായുള്ള പുതുക്കിയ നോർക്ക ഐ.ഡി. കാർഡ് 7-7-2018-ന് അയച്ചുകൊടുത്തിട്ടുള്ളതായി കേരളീയ പ്രവാസികാര്യവകുപ്പ് 23-11-2019-ലെ എ1/569/ 2017/ നോർക്ക നമ്പർ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.

3. വിഷയം:-ചികിത്സാ ധനസഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. അബ്ദുൾ അസീസ്, വയനാട് സമർപ്പിച്ച ഹർജി സംബന്ധിച്ച്.

(ഫയൽ നം. 14289/എൻ.ആർ.കെ.ഡബ്ല്യൂ.സി.1/2019/നി.സെ.)

സാന്ത്വന പദ്ധതി പ്രകാരമുള്ള ചികിത്സാ ധനസഹായം ലഭ്യമാക്കണമെന്നായിരുന്ന ശ്രീ. അബ്ദുൾ അസീസ്, വയനാട് സമർപ്പിച്ച ഹർജിയിലെ ആവശ്യം. ശ്രീ. അബ്ദുൾ അസീസിന് 13-8-2019-ലെ സ.ഉ. (സാധാ) നം. 446/2019/നോർക്ക നമ്പർ ഉത്തരവ് പ്രകാരം 50,000 രൂപ ചികിത്സാ ധനസഹായം അനുവദിച്ചിട്ടുള്ളതായി കേരളീയ പ്രവാസികാര്യ വകുപ്പ് 21-1-2020-ലെ എ 1/88/2019/നോർക്ക നമ്പർ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.

4. വിഷയം:- ചികിത്സാ ധനസഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. സലീം എ. എ., വയനാട് സമർപ്പിച്ച ഹർജി സംബന്ധിച്ച്.

[ഫയൽ നം.14291/എൻ.ആർ.കെ.ഡബ്ല്യൂ.സി1/2019/നി.സെ.]

